**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 78** **27-06-2022 - ൽ മറുപടിയ്ക്ക്**

**മുഖ്യമന്ത്രി യാത്ര ചെയ്യുന്ന സ്ഥലങ്ങളിലെ ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. റോജി എം. ജോൺ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുഖ്യമന്ത്രി യാത്ര ചെയ്യുന്ന സ്ഥലങ്ങളിൽ ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യം തടയുന്നതിന് ഏതെങ്കിലും ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | (എ) | കേരള മുഖ്യമന്ത്രി Z Plus സുരക്ഷാ കാറ്റഗറിയിൽ ഉൾപ്പെട്ട വ്യക്തിയായതിനാൽ, കേന്ദ്ര ആഭ്യന്തര മന്ത്രാലയം നിർദ്ദേശിച്ചിട്ടുള്ള സുരക്ഷാ സംവിധാനങ്ങളാണ് അദ്ദേഹത്തിന്റെ യാത്രാവേളകളിൽ ഏർപ്പെടുത്തി വരുന്നത്. |
| (ബി) | മുഖ്യമന്ത്രിയുടെ കോട്ടയം സന്ദർശനവേളയിൽ ഒരു കുടുംബത്തെ പോലീസ് വഴിയരികിൽ തടഞ്ഞുനിർത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ആരുടെ നിർദ്ദേശപ്രകാരമാണ് എന്ന് വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ ഉത്തരവാദികളായവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | 11.06.2022 ലെ ബഹു. മുഖ്യമന്ത്രിയുടെ കോട്ടയം സന്ദർശന വേളയിൽ കോട്ടയം ഗസ്റ്റ് ഹൗസിൽ നിന്നും കോട്ടയം മാമൻ മാപ്പിള ഹാളിലേയ്ക്ക് അതീവ സുരക്ഷ നൽകേണ്ട Z+ കാറ്റഗറി ഉള്ള ബഹു.മുഖ്യമന്ത്രി യാത്ര ചെയ്തു വരുന്ന സമയം ഏർപ്പെടുത്തിയ ഗതാഗത ക്രമീകരണത്തിനിടയിൽ ഇടറോഡിൽ നിന്നും മെയിൻ റോഡിലേയ്ക്ക് പ്രവേശിച്ച കുടുംബത്തെ ബഹു.മുഖ്യമന്ത്രിയുടെ വാഹനവ്യൂഹം കടന്നു പോയതിനു ശേഷം കടത്തിവിട്ടിട്ടുള്ളതാണ്. ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും വീഴ്ച ഉണ്ടായിട്ടില്ലാത്തതിനാൽ ഇക്കാര്യത്തിലേയ്ക്ക് നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (സി) | മുഖ്യമന്ത്രി പങ്കെടുത്ത പൊതുചടങ്ങുകളിൽ വാർത്ത റിപ്പോർട്ട് ചെയ്യാനെത്തിയ മാധ്യമ പ്രവർത്തകരുടെ കറുത്ത മാസ്ക് നിർബന്ധപൂർവ്വം മാറ്റിയ സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ മാസ്ക് മാറ്റിയതിന് ഉണ്ടായ കാരണം എന്താണെന്ന് വ്യക്തമാക്കാമോ; | (സി) | ഇത്തരത്തിൽ ചില ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച് വിശദീകരണം സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവിമാർക്ക് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുള്ളതാണ്. വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ ഇത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | കറുത്ത മാസ്ക് ധരിക്കുന്നതുമായി ബന്ധപ്പെട്ട് ഇടതുമുന്നണി കൺവീനർ പ്രസ്താവന | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

| | | | |
|---|---|---|---|
| | നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ; | | |
| (ഇ) | സുരക്ഷാ നടപടികളുടെ പേരിൽ ജനങ്ങളുടെ സഞ്ചാരസ്വാതന്ത്ര്യം തടയുകയും വസ്ത്രധാരണത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുന്നുണ്ടോ; എങ്കിൽ ആയത് അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ഇ) | ഇത് സംബന്ധിച്ച് യാതൊരു നിയന്ത്രണങ്ങളും ഏർപ്പെടുത്തിയിട്ടി-ല്ലാത്തതാണ്. കൂടാതെ ബഹു.മുഖ്യമന്ത്രിയുടെ ഔദ്യോഗിക ചടങ്ങുകളിൽ പങ്കെടുക്കുന്നതിൽ നിന്നും കറുത്ത വസ്ത്രങ്ങളോ മാസ്കോ ധരിച്ചവരെ തടയരുതെന്ന് എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്.<br><br>സംരക്ഷിത വ്യക്തികൾ പങ്കെടുക്കുന്ന ചടങ്ങുകളിൽ, സുരക്ഷക്കായി കേന്ദ്ര ആഭ്യന്തര മന്ത്രാലയം നിർദ്ദേശിച്ചിട്ടുള്ള സുരക്ഷാ സംവിധാനങ്ങൾ, പ്രാദേശിക സുരക്ഷാ ഭീഷണികളെ കൂടി കണക്കിലെടുത്തുകൊണ്ട് ഏർപ്പെടുത്തുക മാത്രമാണ് ചെയ്തു വരുന്നത്. |

സെക്ഷൻ ഓഫീസർ